**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1759** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. എ. ലത്തീഫ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** നടപ്പ് സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; പ്രവർത്തികൾ നടന്നുവരുന്ന നിലവിലുള്ള പദ്ധതികളുടെ പുരോഗതി കൂടി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മഞ്ചേരി സർക്കാർ പോളിടെക്നിക്ക് കോളേജിലും, മഞ്ചേരി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

മഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന പാണ്ടിക്കാട് സ്കിൽ പാർക്കിൽ 2023-24 വർഷത്തിൽ, PMKVY പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നൈപുണ്യ പരിപാടികൾ, BBBP (ബേട്ടി ബച്ചാവോ ബേട്ടി പടാവോ), വാഷ് എൻജിഒ യുടെ ധനസഹായത്തോടെയുള്ള നൈപുണ്യ പദ്ധതി എന്നിവ നടപ്പിലാക്കി. 2023-24 -ൽ നടപ്പിലാക്കിയ നൈപുണ്യ കോഴ്സുകളിലൂടെ 194 വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്യം നൽകി.

2024-25 വർഷത്തിൽ വിവിധ നൈപുണ്യപരിപാടികളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു.

2025-26 വർഷത്തിൽ, സി.എസ്.പി പാണ്ടിക്കാട് വൈവിധ്യമാർന്ന നൈപുണ്യ പ രിപാടികൾ, പ്ലേസ്മെൻ്റ് അധിഷ്ഠിതവും വ്യവസായ മേഖലയുടെ സഹായത്തോടെയുള്ള കോഴ്സുകൾ തുടങ്ങിയ പരിപാടികളിലൂടെ 103 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി.

സിഎസ്പി പാണ്ടിക്കാടിൽ ഇതുവരെ നടത്തിയ 12 തൊഴിൽ മേളകളിലായി 58 പേരെ വിവിധ കമ്പനികളിലേക്ക് തിരഞ്ഞെടുത്തു.

നിലവിൽ മഞ്ചേരി നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന 3 കോളേജുകളിൽ (Eranad Knowledge City, Manjery, Jamia Islamia Arts & Science College, Malappuram, Noble Womens College Manjery) അസാപ് കേരളയുടെ നേതൃത്വത്തിൽ സെൻറർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP) എന്ന പേരിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

**(ബി)** കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുവാൻ സർക്കാർ തയ്യാറാകുമോ;

**<u>മറുപടി:</u>** എയ്ഡഡ് കോളേജുകളിൽ പുതിയ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുന്നു.

**(സി)** മഞ്ചേരി യൂണിറ്റി വുമൺസ് കോളേജിൽ എം.എസ്‌സി. ഹോം സയൻസ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 'ബി' പിരിവിൽ നൽകിയിട്ടുണ്ട്.

**(ഡി)** മഞ്ചേരി മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകൾക്ക് കീഴിൽ പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മഞ്ചേരി മണ്ഡലത്തിൽ പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

Annexure - 1

## Govt.Polytechnic College,Manjeri

| Sl.No | Year | Amount | Purpose | Institution File No | DTE File No | Remarks |
|---|---|---|---|---|---|---|
| 1 | 2016 | 10 crore | Construction of Academic Block | D2/416/2016 | GO(Rt)No.2931/2016/HEDN | Inaugurated on 05/05/2023 |
| 2 | 2017 | 220 Lakhs | Construction of Work shop Block A&B | D2/77/2017 | GO(Rt)No.2203/2017/HEDN | Inaugurated on 05/05/2023 |
| 3 | 2016 | 400 Lakhs | Construction of Work shop Block D,E,F | D2/416(3)/2016 | GO(Rt) No 1506/2019/HEDN | 90% Completed |
| 4 | 2023 | 8 Lakhs | Construction of Toilets | D2/683/2023 | DEPOSIT WORK D4/19728/2023/DTE | Completed |

PRINCIPAL

**Principal**
**Govt. Polytechnic College, Manjeri**
**Karuvambram West (PO) - 676123**

GOVT. POLYTECHNIC COLLEGE MANJERI, KARUVAMBRAM WEST (PO) PIN: 676 123 MALAPPURAM

Section officer

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 0/HEDN<br>04/11/2020 | | | installation of workshop block | | | | | Cum Utilization Certificate |
| Go(Rt)No.1378/2020/HEDN<br>04/11/2020 | 3300000 | PWD | Asbestos replacement of workshop block | Completed | 25,60,768 | 25,60,768 | 7,39,232 | Refund the amount to 2203-00-911-99-ROP Plan on 02/08/2023 |
| 7/17504 /22/DTE<br>13/06/2022 | 1000000 | PWD | Construction of Toilet Block | Completed | | | | |
| D7/17510/22/DTE<br>22/06/2022 | 700000 | PWD | Providing Interlocking tiles and side wall | Partially Completed | | | | |
| D7/19428/22/DTE<br>13/06/2022 | 150000 | PWD | Providing Grills in opening varadah | Partially Completed | | | | |
| D7/39803/21/DTE<br>12/02/2022 | 630000 | KWA | Pipeline Work | Work not started | | | | Estimate amount revised to 700000/- and the proposal sent to Directorate of Technical Education for revised administrative sanction. |
| DTETVM/2066/2024-D7<br>21/06/2024 | 184680 | PWD | Installation of CCTV in classrooms | Completed | | | | |

Section officer